സിവിൽസർവീസും മലയാളവും

:2023 ഒക്ടോബർ 27 ന് മലയാളവിഭാഗം മലയാണ്മ സാഹിത്യവേദിയും മാതൃഭാഷാസമിതിയും ചേർന്ന് സംഘടിപ്പിച്ച സിവിൽസർവീസും മലയാളവും എന്ന ക്ലാസ് ശ്രീ.ബോണി ജോസ് ആണ് നയിച്ചത്. civils360 IAS Accademy ലെ സീനിയർ മലയാളം ഓപ്ഷൻ അധ്യാപകനാണ് ശ്രീ ബോണി ജോസ്. സംവാദത്തിലൂ ടെയും ചർച്ചയിലൂടെയും ക്ലാസ്സ് ഒന്നരമണിക്കൂർ നീണ്ടു. രാവിലെ 11.30 ന് തുടങ്ങിയ ക്ലാസ് പ്രിലിംസ് കഴിഞ്ഞ് എങ്ങനെ മെയിൻസ് കൈകാര്യം ചെയ്യാം എത്രത്തോളം പരിശ്രമം അതിനായി മാറ്റിവയ്ക്കണം എന്നതിനെ കുറിച്ചും വിശദമായി ,പറഞ്ഞു. ഇൻറർവ്യൂവിൽ എങ്ങനെയൊക്കെയാണ് ചോദ്യങ്ങൾ വരിക, അതിനെ അഭിമുഖീ കരിക്കാം , കഴിഞ്ഞ ഇൻറർവ്യൂകളിൽ ചോദിച്ച വ്യത്യസ്തതയാർന്ന ചോദ്യങ്ങൾ ഒക്കെ കുട്ടികളുടെ ചോദ്യത്തിന് അനുസരിച്ച് വിഷയമായി. മലയാളം ഓപ്ഷണ ലായി എടുക്കുന്നതുകൊണ്ട് എന്തൊക്കെയാണ് ഗുണങ്ങൾ, മലയാളഭാഷയും സാഹിത്യവും ഡിഗ്രി, പി ജി ലെവലിൽ പഠിക്കുന്ന കുട്ടികൾക്ക് ഉണ്ടാകുന്ന സൗകര്യം എന്നിവ സിലബസ് മുൻനിർത്തി തന്നെ പറഞ്ഞു. മലയാളംഓപ്ഷണൽസിലബ സിനെ കുറിച്ചും വിശദമായിത്തന്നെ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയും അവർക്ക് അതിലേക്ക് ഒരു ഗൈഡൻസ് നല്ല രീതിയിൽ തന്നെ നൽകുവാനും ബോണിക്ക് കഴിഞ്ഞു. മലയാളവിഭാഗത്തിലെ കുട്ടികൾ മാത്രമല്ല ഹിസ്റ്ററി എക്ക ണോമിക്സ് ഡിപ്പാർട്ട്മെന്റുകളിലെ കുട്ടികളും പങ്കെടുത്തു കൊണ്ട് സജീവമായി ക്ലാസ്സ് മുന്നോട്ടുപോയി. മലയാളം ഓപ്ഷണലായി എടുക്കുന്ന ഒരു കുട്ടിക്ക് അത് എത്രത്തോളം ഗുണകരമാകുമെന്നും മലയാളഭാഷയും സാഹിത്യവും ഡിഗ്രി, പി.ജി. ലെവലിൽ ഐച്ഛികമായി എടുക്കുന്നവർക്ക് ഓപ്ഷണൽ പേപ്പർ എത്രത്തോളം സൗകര്യപ്രദമായിരിക്കുമെന്നും പറഞ്ഞു മനസിലാക്കി. ഒരു മണിയോട് കൂടി ക്ലാസ് അവസാനിച്ചു.